# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6485 08.11.2016 - ൽ മറുപടിക്ക്

## സി-മെറ്റ് നഴ്സിംഗ് കോളേജ് ഹോസ്റ്റൽ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.കുഞ്ഞിരാമൻ** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| എ) | കാസർഗോഡ് ജില്ലയിൽ പെരിയ പഞ്ചായത്തിലെ ആയമ്പാറയിൽ പ്രവർത്തിക്കുന്ന സർക്കാർ സി-മെറ്റ് നഴ്സിംഗ് കോളേജിന്റെ ഹോസ്റ്റൽ കെട്ടിടം എവിടെയാണ് പ്രവർത്തിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ; | എ) | സി-മെറ്റ് കോളേജ് ഓഫ് നഴ്സിംഗ് ഉദുമയുടെ ആരംഭ കാലത്ത് ഉദുമ ജംഗ്ഷനു സമീപം 1,15,000 രൂപയ്ക്ക് ഒരു വാടക കെട്ടിടത്തിൽ ഹോസ്റ്റൽ പ്രവർത്തനമാരംഭിച്ചു. എന്നാൽ കാസർഗോഡ് ജില്ലയിൽ പുല്ലൂർ-പെരിയ പഞ്ചായത്തിലെ ആയമ്പാറയിൽ പി.ഡബ്ല്യു.ഡി നിർമ്മിച്ച സ്വന്തമായ കെട്ടിടത്തിലേക്ക് കോളേജ് മാറിയതിനെ തുടർന്ന് 18 കിലോ മീറ്ററോളം ഹോസ്റ്റലിൽ നിന്ന് കോളേജിലേക്ക് കുട്ടികൾ ദിവസവും യാത്ര ചെയ്യേണ്ടി വരുന്ന ബുദ്ധിമുട്ടും ഹോസ്റ്റലിന്റെ കാലപ്പഴക്കത്താലുള്ള പ്രശ്നങ്ങളും കാരണം ഹോസ്റ്റൽ പുല്ലൂർ-പെരിയ പഞ്ചായത്തിലെ ചാലിങ്കാലിൽ പുതിയ കെട്ടിടത്തിൽ പ്രതിമാസം 1,30,000/- രൂപ വാടക കൊടുത്ത് പ്രവർത്തിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ബി) | ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിന് സി-മെറ്റിന് സ്വന്തമായി ഭൂമിയുള്ള വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ഉണ്ട്. |
| സി) | എങ്കിൽ പ്രസ്തുത സ്ഥലത്ത് ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള തടസ്സം വെളിപ്പെടുത്തുമോ? | സി) | ഫണ്ട് ലഭ്യമല്ലാത്തതാണ് തടസ്സം. |

സെക്ഷൻ ഓഫീസർ